(ഡി) നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി സപ്ലൈകോ പൊതുമേഖലാ/സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അതുപ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശ പ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു. സംസ്ഥാന സർക്കാരിൽനിന്നും നെല്ല് സംഭരണത്തിന്റെ ഭാഗമായി സപ്ലൈകോയ്ക്ക് 150.93 കോടി രൂപ നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

നെല്ല് സംഭരണം

259 (1316) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണം യഥാസമയം നടത്തുന്നതിന് സപ്ലൈകോയ്ക്ക് കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ പരിഹാര നടപടി സ്വീകരിക്കുമോ ;

(സി) സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിളവെടുപ്പുമായി ബന്ധപ്പെട്ട നടപടികൾക്ക് കാലവിളംബം നേരിടുന്നതു കൊണ്ട് വിളനാശവും കർഷകർക്ക് സാമ്പത്തിക ഭാരവും ഉണ്ടാകുന്നതിനാൽ ഭാവിയിൽ മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നെല്ല് സംഭരണത്തിനും വിലനൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 ഒന്നാം സീസൺ സെപ്റ്റംബറിൽ ആരംഭിച്ചു. നാളിതുവരെ 1.28 മെ.ടൺ നെല്ല് സംഭരിക്കുകയും ചെയ്തു.

(ബി) ബാധകമല്ല.

(സി) നെല്ലുസംഭരിച്ച ശേഷം കർഷകർക്ക് നെൽവില നൽകുന്നതിനായി സംസ്ഥാന കേന്ദ്രസർക്കാരുകളുടെ സബ്സിഡിക്ക് പുറമേ സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സമയബന്ധിതമായി വിളവെടുക്കേണ്ടത് കർഷകർ എടുക്കേണ്ട നടപടിയാണ്. വിളവെടുപ്പിനുശേഷം സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനുമുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആസൂത്രണം ചെയ്ത് ആവിഷ്കരിച്ചിട്ടുണ്ട്.

റേഷൻ വിതരണം

260 (1317) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒക്ടോബർ മാസത്തെ കേന്ദ്ര റേഷൻ വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രവിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കാത്തതു കൊണ്ട് റേഷൻ ഷാപ്പുകളിൽ അരിയും ഗോതമ്പും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ വിഹിതം ഏറ്റെടുക്കാത്ത മൊത്ത വിതരണക്കാർക്കെതിരായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 99.45 ശതമാനം.

(ബി) ഇല്ല.

(സി) അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിട്ടെടുക്കാതിരുന്നതിന് മൊത്ത വ്യാപാരികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യ സുരക്ഷാനിയമം -കേന്ദ്ര സർക്കാർ നിബന്ധനകൾ

261 (1318) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ്; ഇതുപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly